Draft #48 of File T2/5247/23/DTE Approved by Director (in-charge) on 29-Jul-2023 10:33 PM - Page 1

**<u>വിജ്ഞാപനം</u>**

**<u>എം.ടെക് 2023 കോഴ്സിലേയ്ക്കുള്ള പ്രവേശനം</u>**

**<u>പ്രൊഫൈൽ, ഗേറ്റ് സ്കോർ, മാർക്ക്/ ഗ്രേഡ് എന്നിവ പരിശോധിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനുമുള്ള അവസരം അവസാന തീയതി: 03.08.2023.</u>**

2023-2024-വർഷത്തെ എം .ടെക് കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിനായി ഓൺ -ലൈൻ അപേക്ഷ സമർപ്പിച്ചിരുന്ന അപേക്ഷകർക്ക് അവരുടെ പ്രൊഫൈൽ, ഗേറ്റ് സ്കോർ, മാർക്ക്/ഗ്രേഡ് എന്നിവ പരിശോധിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിന് 03.08.2023 വരെ അവസരം നൽകുന്നു. ഇതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ http://dtekerala.gov.in/admissions/ എന്ന വെബ് സൈറ്റിൽ M.Tech Admissions 2023 എന്ന ലിങ്കിൽ അവരവരുടെ ലോഗിൻ വിവരങ്ങൾ നൽകി ലോഗിൻ ചെയ്തശേഷം view application എന്ന menu ൽ അപേക്ഷകന്റെ പ്രൊഫൈൽ പേജ് ദൃശ്യമാകുന്നതാണ് . പ്രൊഫൈൽ പേജിൽ അപേക്ഷയിൽ അനുവദിച്ചിട്ടുള്ള വ്യക്തിഗത വിവരങ്ങൾ, നേറ്റിവിറ്റി, സംവരണം മറ്റ് ആനുകൂല്യങ്ങൾ ( ബാധകമെങ്കിൽ), ഗേറ്റ് സ്കോർ, മാർക്ക്/ഗ്രേഡ്/CGPA സംബന്ധിച്ചുള്ള വിവരങ്ങൾ എന്നിവയും ഫോട്ടോ, ഒപ്പ് എന്നിവയും ദൃശ്യമാകുന്നതാണ്.

ഫോട്ടോ, ഒപ്പ് എന്നിവ ഉൾപ്പെടെ മുകളിൽ പറഞ്ഞ ഏതെങ്കിലും വിവരങ്ങൾ ന്യൂനതകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനായി application correction എന്ന menu ൽ നൽകിയിട്ടുള്ള മെമ്മോകൾ വായിച്ചു മനസിലാക്കി അവ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ യഥാസ്ഥലങ്ങളിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ് . അപ്‌ലോഡ് ചെയ്ത രേഖകളുടെ preview കാണാൻ കഴിയുന്നതാണ്. ഒന്നിലധികം പേജ് ഉണ്ടെങ്കിൽ ഒറ്റ PDF ആയി അപ്‌ലോഡ് ചെയ്യേണ്ടതാണ് . അപ്‌ലോഡ് ചെയ്യുന്ന രേഖകൾ വ്യക്തതയുള്ളതും പൂർണ്ണവുമായിരിക്കണം . ന്യൂനതകൾ പരിഹരിക്കാൻ മറ്റൊരവസരം നൽകുന്നതല്ല . പ്രൊഫൈലിൽ കാണിച്ചിട്ടുള്ളതും മെമ്മോ ഇല്ലാത്തതുമായ മറ്റ് വിവരങ്ങളിൽ തെറ്റുണ്ടെങ്കിൽ mtechadmission@cet.ac.in എന്ന ഇ-മെയിലിലേയ്ക്ക് അയക്കേണ്ടതാണ് . **പ്രത്യേകിച്ച് APJ Abdul kalam University (KTU) ൽ നിന്നും പാസ്സായ /പഠിക്കുന്ന അപേക്ഷകർ അവരവരുടെ KTU register number ശരിയാണോ എന്ന് പരിശോധിക്കേണ്ടതാണ്.** അങ്ങനെ അയയ്ക്കുന്ന mail-കളുടെ വിഷയം MCAP 2023 Rectification of defects-< application number> എന്നായിരിക്കണം. അല്ലാതെ അയയ്ക്കുന്ന ഇ-മെയിലുകൾ സ്വീകരിക്കുന്നതല്ല.

പ്രൊഫൈൽ പേജിൽ കാണുന്ന മാർക്ക്/ ഗ്രേഡ് വിദ്യാർഥി അപേക്ഷയോടൊപ്പം നൽകിയിട്ടുള്ള മാർക്ക് ലിസ്റ്റ്കളിലുള്ള മാർക്ക്/ഗ്രേഡ് ആണ് . വ്യക്തമാകാത്തതോ കൃത്യമായ മാർക്ക്/ഗ്രേഡ് നല്കിയിട്ടില്ലാത്തതോ ആയ വിദ്യാർഥികളുടെ പ്രൊഫൈൽ പേജിൽ mark/Grade 'defect' എന്നാകും കാണിച്ചിട്ടുള്ളത്. പ്രൊഫൈലിൽ കാണിച്ചിട്ടുള്ള Gate Score, Gate Subject, Gate mark എന്നിവയും യോഗ്യതാ പരീക്ഷയുടെ ( B.Tech/B.arch) മാർക്ക് /ഗ്രേഡ് എന്നിവയും വിദ്യാർഥികൾ കൃത്യമായി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും വ്യത്യാസമുള്ള പക്ഷം മുകളിൽ നൽകിയിട്ടുള്ള e.mail ലേയ്ക്ക് അയയ്ക്കേണ്ടതുമാണ്.

ഗേറ്റ് സ്കോർ , മാർക്ക് /ഗ്രേഡ് എന്നിവ പരിശോധിക്കുന്നതിന് ഇനിയൊരവസരം നൽകുന്നതല്ല. അഡ്മിഷൻ സമയത്തു GATE Score,GATE Subject യോഗ്യതാ പരീക്ഷയുടെ (B.tech/B.Arch) Mark/Grade എന്നിവ പരിശോധിക്കുന്നതും റാങ്ക് തയ്യാറാക്കാനായി പരിഗണിച്ചിട്ടുള്ള GATE Score, GATE Subject യോഗ്യതാ പരീക്ഷയുടെ മാർക്ക്/ഗ്രേഡ് എന്നിവയിൽ
വ്യത്യാസമുള്ള പക്ഷം അഡ്മിഷൻ അസാധുവാകുന്നതാണ് . കൂടാതെ റാങ്ക് ലിസ്റ്റുകളിൽ നിന്ന് പുറത്താകുന്നതാണ് .

**<u>കുറിപ്പ് I:-</u>**

(a) അപേക്ഷകർ അപ്‌ലോഡ് ചെയ്തിട്ടുള്ള മാർക്ക് ലിസ്റ്റുകളിൽ അപാകതകൾ ഉള്ള പക്ഷം അവർ നൽകിയിട്ടുള്ള ഗ്രേഡ് /മാർക്ക് അതേപടി നിലനിർത്തിയിട്ടുള്ളതും എന്നാൽ ശരിയായ ഡോക്യുമെന്റ് അപ്‌ലോഡ് ചെയ്യുവാനുള്ള മെമ്മോ നല്കിയിട്ടുള്ളതുമാണ്. നിശ്ചിത സമയത്തിനുള്ളിൽ ബന്ധപ്പെട്ട ഡോക്യുമെന്റുകൾ അപ്‌ലോഡ് ചെയ്യാത്ത പക്ഷം റാങ്ക് നിശ്ചയത്തിന് ആവശ്യമായ CGPA കണക്കാക്കുന്നതിന് അവർ ഓൺലൈൻ അപേക്ഷയിൽ നൽകിയിട്ടുള്ള മാർക്ക്/ഗ്രേഡ് പരിഗണിക്കുന്നതും അവരുടെ അപേക്ഷ തടഞ്ഞുവയ്ക്കുന്നതാണ് .

(b) അപേക്ഷകർ അപ്‌ലോഡ് ചെയ്ത മാർക്ക് ലിസ്റ്റുകളിൽ മാർക്കും ഗ്രേഡും നൽകിയിട്ടുള്ള പക്ഷം റാങ്ക് നിർണയിക്കുന്നതിനായി ഗ്രേഡ് ആയിരിക്കും പരിഗണിക്കുന്നത്.

(c) അപേക്ഷകർ ഗേറ്റ് സ്കോർ കാർഡ് അപ്‌ലോഡ് ചെയ്തിട്ടുണ്ടെങ്കിൽ അവർ ഗേറ്റ് qualified ആകാത്തപക്ഷം ഓൺലൈനായി നൽകിയിട്ടുള്ള ഗേറ്റ് സ്കോർ വിവരങ്ങൾ ഡിലീറ്റ് ചെയ്തിട്ടുണ്ട് . ചില അപേക്ഷകരുടെ നേറ്റിവിറ്റി സർട്ടിഫിക്കറ്റിലോ സംവരണത്തിനായി സമർപ്പിക്കപ്പെട്ടിട്ടുള്ള സർട്ടിഫിക്കറ്റുകളിലോ അപാകതകൾ ഉള്ളതുകൊണ്ട് അവരുടെ ഗേറ്റ് സ്കോർ disqualified ആകുന്നതാണ് . അങ്ങനെയുള്ള അപേക്ഷകരുടെ ഗേറ്റ് സ്കോർ വിവരങ്ങൾ ഡിലീറ്റ് ചെയ്തിട്ടുണ്ട്.

(d)Memo clearance-നുശേഷം റാങ്ക് നിർണയത്തിനായി പരിഗണിക്കുന്ന GATE/CGPA Score പ്രസിദ്ധീകരിക്കുന്നതാണ്. അതിലുള്ള പരാതികൾ പരിഗണിച്ച ശേഷം ആയിരിക്കും റാങ്ക് പ്രസിദ്ധീകരിക്കുന്നത് .

**<u>കുറിപ്പ് II:-</u>**

Candidate Portal-ലൂടെ അപ്‌ലോഡ് ചെയ്യുന്ന രേഖകൾ മാത്രമേ Memo Clearance- ന് സ്വീകരിക്കുകയുള്ളൂ. തപാൽ, ഇ- മെയിൽ എന്നിവ വഴി അയക്കുന്ന രേഖകൾ Memo Clearance ആയി സ്വീകരിക്കുന്നതല്ല.

**<u>കുറിപ്പ് III:-</u>**

1) Nationality:- Prospectus Clause 4.1 പ്രകാരം അപേക്ഷകൻ Indian Citizen ആയിരിക്കണം . Nationality യുടെ മെമ്മോകളുടെ ന്യൂനതകൾ പരിഹരിക്കാത്തപക്ഷം അപേക്ഷ നിരുപാധികം നിരസിക്കുന്നതാണ് .

2) Nativity :- Prospectus Clause 4.1.2(i) പ്രകാരം അപേക്ഷകൻ Keralite അല്ലെങ്കിൽ താഴെ പറയുന്ന ആനുകൂല്യങ്ങൾ നിരസിക്കപ്പെടുന്നതാണ്.

(a) Reservation Category

(b) General Category- ക്ക് ബാധകമായ GATE Score ലെ കട്ട് ഓഫിനോ അതിന് മുകളിലോ സ്കോർ ഇല്ലാത്ത പക്ഷം GATE disqualified ആകുന്നതാണ്.

(c) Sponsored quota, Differentialy abled തുടങ്ങിയ Special Reservation കളും നിരസിക്കപ്പെടുന്നതാണ്.

3) Reservation Category:- ഇത് സംബന്ധിച്ച് മെമ്മോകൾ അപ്‌ലോഡ് ചെയ്യാത്തപക്ഷം Prospectus Clause 3.6.2, 3.6.3 പ്രകാരം SC/ST/SEBC/OEC/EWS എന്നീ റിസർവഷൻ ക്ലെയിമുകൾ നഷ്ടമാകുന്നതാണ്. കൂടാതെ മുകളിൽ 2(b) ൽനൽകിയിട്ടുള്ളത് പ്രകാരം GATE Disqualified ആകുന്നതാണ്. SC/ST candidates ജനറൽ ആയി മാറുകയും ബാക്കിയുള്ള അപേക്ഷാഫീസ് അടയ്ക്കാൻ ഇടയാകുന്നതും അല്ലാത്തപക്ഷം അപേക്ഷ നിരസിക്കപ്പെടുന്നതാണ് .

4) **SC/ST സംവരണങ്ങൾ പ്രൊഫൈലിൽ കാണിച്ചിട്ടുള്ളത് അന്തിമമല്ല . അവ KIRTADS ന്റെ പരിശോധനയ്ക്ക് വിധേയമാക്കിയശേഷം മാത്രമേ അന്തിമമായി അനുവദിക്കുകയുള്ളൂ.**

ഡോ. രാജശ്രീ എം.എസ്

ഡയറക്ടർ (ഇൻ ചാർജ്)

**Approval Valid**

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 29.07.2023
Reason: Approved

The document is digitally approved. Hence signature is not needed.